# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 379 — 19.03.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ്<br>,, ഹൈബി ഈഡൻ<br>,, വി.ഡി.സതീശൻ<br>,, വി.എസ്.ശിവകുമാർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടൽ, കായൽ എന്നിവിടങ്ങളിൽ മത്സ്യബന്ധനത്തിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പ് വരുത്തുന്ന നിയമം കൊണ്ടുവരുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (എ) | ഫിഷറീസ് മേഖലയിൽ അക്വേറിയൻ റിഫോംസ് നടപ്പിൽ വരുത്തുന്നതിനായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വില്പനയ്ക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്കായി മാത്രം പരിമിതപ്പെടുത്തുന്നതിനായാണ് അക്വേറിയൻ റിഫോംസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വി.എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് അക്വേറിയം റിഫോംസ് ബിൽ തയ്യാറാക്കി പ്രസിഡന്റിന്റെ അനുമതിയ്ക്കായി അയച്ചുകൊടുത്തിരുന്നു. അന്ന് തയ്യാറാക്കപ്പെട്ട ബില്ലിന് മൗലികമായ ഭേദഗതികൾ നിർദ്ദേശിച്ച് പ്രസിഡന്റ് തിരികെ അയച്ചു. ആവശ്യമായ ഭേദഗതികൾ വരുത്തി നിയമ നിർമ്മാണം നടത്താൻ സർക്കാർ ആലോചിക്കുന്നു. |
| (ബി) | കടൽ മത്സ്യത്തിന്റെ ശോഷണം മൂലം മത്സ്യത്തൊഴിലാളികൾ വറുതിയിലാണെന്നും ഓഖിക്ക് ശേഷമുള്ള സ്ഥിതി വിശേഷം മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരത്തെ ബാധിച്ചുവെന്നും വസ്തുതയാണോ; എങ്കിൽ അവരെ സഹായിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (ബി) | അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ, ജലമലിനീകരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങി വിവിധ കാരണങ്ങൾ കടൽ മത്സ്യത്തിന്റെ ശോഷണത്തിന് കാരണമാകുന്നുണ്ട്. ഓഖിയുടെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ ദുരിതമകറ്റാൻ നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഓഖി ദുരിതബാധിതരായ 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ വീതം ധനസഹായം അനുവദിച്ചു. ഒരു മാസത്തെ സൗജന്യ റേഷനും നൽകി. ഓഖി കാലയളവിൽ മത്സ്യത്തൊഴിലാളികളുടെ പട്ടിണിയകറ്റാൻ ഇതുമൂലം സാധിച്ചിട്ടുണ്ട്. ഓഖി പോലെയുള്ള ദുരന്തങ്ങൾ തീരത്തെ ബാധിക്കാതിരിക്കുന്നതിനായി തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി, സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണ പദ്ധതി, കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിനെ സംരക്ഷിക്കുന്നതിനും സുസ്ഥിര ഉല്പാദനം ഉറപ്പുവരുത്തുന്ന കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ഫിഷറീസ് റിസോഴ്സ് (ഇൻലാന്റ്) & (മറൈൻ), മത്സ്യകൃഷി |

| | | | |
|---|---|---|---|
| | | | വികസനം, മത്സ്യത്തൊഴിലാളി വനിതകൾക്കായി നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും സുസ്ഥിര മത്സ്യ ഉല്പാദനം സാദ്ധ്യമാക്കാൻ KMFR ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം പദ്ധതികൾ മത്സ്യമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാൻ ഒരു പരിധി വരെ സഹായിക്കും. |
| (സി) | മത്സ്യ മാർക്കറ്റുകൾ ആധുനിക രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും സഹായകമായ മാനേജ്മെന്റ് കമ്മിറ്റികളുടെ രൂപീകരണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ? | (സി) | മത്സ്യമാർക്കറ്റുകൾ ആധുനിക രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനും സഹായകമാകുന്ന മാർക്കറ്റിംഗ് സെന്റർ മാനേജ്മെന്റ് കമ്മിറ്റികളുടെ രൂപീകരണം സംബന്ധിച്ച നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ